പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2995

21/06/2013 ൽ
മറുപടിക്ക്

**കമലാ സുരയ്യയുടെ പേരിലുള്ള സാംസ്കാരിക കേന്ദ്രം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കമലാ സുരയ്യയുടെ പേരിൽ സാംസ്കാരിക വകുപ്പ് പുന്നയൂർക്കുളത്ത് പണിയുന്ന സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | (എ) | കമലാ സുരയ്യ സാംസ്കാരിക സമുച്ചയ നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. രണ്ടു ഘട്ടമായാണ് മന്ദിരം നിർമ്മിക്കുന്നത്. ഒന്നാം ഘട്ടം ഓഫീസ് ഉൾപ്പെടുന്ന ലൈബ്രറി ബ്ലോക്കും, രണ്ടാം ഘട്ടം ഓഡിറ്റോറിയം ബ്ലോക്കും. ഒന്നാം ഘട്ടം ലൈബ്രറി ബ്ലോക്കിന് പി.ഡബ്ള്യൂ.ഡി. സമർപ്പിച്ച എസ്റ്റിമേറ്റ് 77,50,000/- രൂപയാണ്. ഇതിൽ 20 ലക്ഷം രൂപ 2010-11 ലും ബാക്കി 57.50 ലക്ഷം രൂപ 2012-13 ലും പി.ഡബ്ള്യൂ.ഡി.യ്ക്ക് കൈമാറിയിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പി.ഡബ്ള്യൂ.ഡി.യിൽ നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ ; | (ബി) | മൊത്തം എസ്റ്റിമേറ്റ് തുക 148.25 ലക്ഷം രൂപ ഒരുമിച്ച് നല്കാൻ കഴിയാതെ വന്നപ്പോൾ രണ്ട് ഘട്ടങ്ങളായി നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെടുകയും തുടർന്ന് ഒന്നാംഘട്ടം ലൈബ്രറി ബ്ലോക്കിന് 77,50,000/- രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ള്യൂ.ഡി. നൽകുകയും ചെയ്തു. ഒന്നാംഘട്ടത്തിന്റെ മുഴുവൻ തുകയും പി.ഡബ്ള്യൂ.ഡി. ക്ക് കൈമാറുകയും ചെയ്തു. |
| (സി) | സാംസ്കാരിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ഡി) | സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ